**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1999** **02-02-2024 - ൽ മറുപടിയ്ക്ക്**

**തിരുവമ്പാടി മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവമ്പാടി മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിനായി ഇനി എന്തൊക്കെ നടപടികൾ പൂർത്തിയാക്കാനുണ്ടെന്ന് വിശദമാക്കുമോ? | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയ്ക്കായി അംഗീകരിച്ച കളിസ്ഥലങ്ങളുടെ ലിസ്റ്റിന് 18.10.2023ലെ സ.ഉ (സാധാ) നം.305/2023/ ക.യു.വ പ്രകാരം സമഗ്രമായ ഭരണാനുമതി നൽകിയിട്ടുള്ളതും ഓരോ പ്രവൃത്തിയ്ക്കും എസ്റ്റിമേറ്റ് തയ്യാറാക്കി പ്രത്യേകം പ്രത്യേകം ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കായിക യുവജനകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ് .<br><br>സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ./മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തികൾക്ക് ആവശ്യമായ തുക കണ്ടെത്തുന്നത്. നിലവിൽ ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.യിൽ നിന്നോ ജില്ലാകളക്ടറിൽ നിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കൊടിയത്തൂർ സ്റ്റേഡിയം/ ചെറുവാടി പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയ്ക്കായി എം.എൽ.എ. ഫണ്ടിൽ നിന്നും തുക അനുവദിച്ചതായി അറിയിപ്പ് ലഭിച്ചാലുടൻ തന്നെ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ